# "വിഷൻ 2025-26"

## ഗവ. എൽ. പി. എസ്
## കീരിത്തോട്

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. സ്കൂൾ ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥാ വിശകലനം
6. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
7. മോണിട്ടറിംഗ്
8. ഉപസംഹാരം

അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ. പി. എസ് കീരിത്തോട് |
| | വിലാസം | : കീരിത്തോട് പി.ഒ ഇടുക്കി. PIN-685606 |
| 2. | സ്കൂൾ കോഡ് | : 29441 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : അടിമാലി |
| 4. | വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| 5. | റവന്യൂ ജില്ല | : ഇടുക്കി |
| 6. | ബി. ആർ. സി | : അടിമാലി |
| 7. | സി. ആർ. സി | : |
| 8. | ഗ്രാമപഞ്ചായത്ത് | : കഞ്ഞിക്കുഴി |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : ഇടുക്കി |
| 10. | ജില്ലാ പഞ്ചായത്ത് | : ഇടുക്കി |
| 11. | നിയമസഭാമണ്ഡലം | : ഇടുക്കി |
| 12. | ലോകസഭാമണ്ഡലം | : ഇടുക്കി |
| 13. | താലൂക്ക് | : ഇടുക്കി |
| 14. | വില്ലേജ് | : കഞ്ഞിക്കുഴി |
| 15. | ഇ-മെയിൽ | : glpskeerithodu@gmail.com |

# Total students

| വർഷം | Pre-Primary Conducted by P.T.A | | | STD I | | | STD II | | | STD III | | | STD IV | | | Grand Total STD I to IV | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 2025 | 9 | 3 | 12 | 2 | 7 | 9 | 0 | 3 | 3 | 5 | 1 | 6 | 3 | 4 | 7 | 10 | 15 | 25 |

## ആമുഖം

ഗവ. എൽ. പി. സ്കൂൾ കിരിത്തോടിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ "വിഷൻ 2025-26" സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. സ്കൂളിന്റെ കാഴ്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ വിവിധ അക്കാദമിക, പാഠ്യേതര മേഖലകളിലെ വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു. പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, കുട്ടികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും, ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകൽപന ചെയ്തിരിക്കുന്നത്. സജീവമായ പി.ടി.എ, എം.പി.ടി.എ അർപ്പണബോധമുള്ള അധ്യാപക സംഘം, പിന്തുണ നൽകുന്ന രക്ഷിതാക്കൾ, വിശാലമായ പൊതുസമൂഹം എന്നിവയുടെ സജീവ സഹകരണത്തോടെയാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. പ്രദേശത്തെ മുഴുവൻ കുട്ടികളെയും പൊതുവിദ്യാലയങ്ങളിൽ എത്തിക്കുക.
2. സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ
3. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രദേശിക അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.
4. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

# സ്കൂൾ ചരിത്രം

ഇടുക്കി ജില്ലയിലെ കുടിയേറ്റ ഗ്രാമമായ കീരിത്തോടിന് തിലകക്കുറി ചാർത്തുന്ന കീരിത്തോട് ഗവ. എൽ. പി. സ്കൂൾ 1970-ൽ പ്രവർത്തനമാരംഭിച്ചു. ഭൗതിക സാഹചര്യങ്ങൾ കൂടുതലായി കടന്നുവന്നിട്ടില്ലാത്ത ഈ മലയോര മേഖലയിലെ ജനങ്ങൾ എല്ലാവരും ഒരേ മനസ്സോടെയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. തൊടുപുഴ വിദ്യാഭ്യാസ ജില്ലയിൽ അടിമാലി ഉപജില്ലയിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ II, III വാർഡുകളിലായാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ആരംഭത്തിൽ ഓലകൊണ്ട് നിർമ്മിച്ച കെട്ടിടത്തിലാണ് ഈ നാട്ടിലെ മുഴുവൻ കുട്ടികളും പഠനത്തിനായി എത്തിയിരുന്നത്. അന്ന് ഓരോ ക്ലാസിലും 4 ഡിവിഷൻ വീതവും 2 അധ്യാപകരും ഉണ്ടായിരുന്നു. പൊട്ടൻചുഴ കുര്യൻസാറായിരുന്നു ആദ്യത്തെ ഹെഡ് മാസ്റ്റർ. 1977-ൽ സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതുവരെ കുട്ടികളിൽ നിന്നും ഫീസ് ഈടാക്കിയിരുന്നു. ഈ വിദ്യാലയത്തിൽ നിന്നും വിദ്യ പൂർത്തിയാക്കിയവരിൽ ഭൂരിഭാഗവും സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ സേവനമനുഷ്ഠിക്കുന്നു. ഡോക്ടർമാർ, അധ്യാപകർ, പോലീസുകാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, എഞ്ചിനീയർമാർ തുടങ്ങി വിവിധ മേഖലകളിൽ

ഇവിടെ പഠിച്ച പൂർവ്വ വിദ്യാർത്ഥികൾ സേവനമനുഷ്ഠിക്കുന്നു. വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ സാന്നിധ്യം ശ്രദ്ധേയമാണ്.

ഒരു ഓലമേഞ്ഞ കെട്ടിടത്തിൽ ആരംഭിച്ച ഈ സ്ഥാപനം കീരിത്തോടിന്റെ രാഷ്ട്രീയ, സാമൂഹിക പുരോഗതിക്ക് അടിത്തറയിട്ട് ഒരു സരസ്വതി ക്ഷേത്രമായി മാറിയിരിക്കുന്നു. ആധുനിക രീതിയിൽ പുനരുദ്ധാരണം നടത്തിയ സ്കൂൾ, സമീപപ്രദേശങ്ങളിലെ മറ്റു വിദ്യാലയങ്ങളെപ്പോലും പിന്നിലാക്കുന്ന തരത്തിലുള്ള ഉന്നതമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. ഹൈടെക് ക്ലാസ് മുറികൾ, A.C, ശിശു സൗഹൃദ പഠനമുറികൾ, വിശാലമായ കളിസ്ഥലം എന്നിവ ഒരുക്കിയിരിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

1. പാഠപഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
3. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
4. പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തരാക്കൽ
5. ജൈവ വൈവിധ്യ പാർക്ക്:- സ്കൂളിന്റെ പരിസ്ഥിതി സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വ്യത്യസ്ത തരം ചെടികൾ ഉൾപ്പെടുത്തി ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ.
6. ഭാഷാപഠനവുമായി ബന്ധപ്പെടുത്തി മലയാള കവിതകൾ, നാടൻ പാട്ടുകൾ ദൃശ്യവത്കരിക്കുക.
7. കുട്ടികൾക്ക് ഉച്ചഭക്ഷണം വിളമ്പുന്നതിനായി ഒരുക്കുന്ന ആധുനിക ഡൈനിംഗ് ഹാൾ.

8. നല്ല പാചകപ്പുര നിർമ്മിക്കൽ

9. ഇംഗ്ലീഷ് - ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി ദൃശ്യശ്രവ്യ സാഹചര്യമൊരുക്കൽ, പത്രം, മാസികകൾ, കാർട്ടൂണുകൾ എന്നിവയുടെ സജ്ജീകരണം.

10. ആകർഷകമായ ലൈബ്രറി.

11. ഗണിതപഠനം രസകരമാക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

## അക്കാദമികം നിലവിലുള്ളവ

1. എസ്.ആർ.ജി
2. പി.ടി.എ / എം.പി.ടി.എ / SMC
3. സ്റ്റാഫ് കൗൺസിൽ
4. ദിനാചരണങ്ങൾ
5. ലൈബ്രറി പുസ്തകങ്ങൾ
6. ക്ലബ്ബുകൾ
7. മൂല്യനിർണ്ണയം CE & T.E
8. സ്കൂൾ അസംബ്ലി
9. കലാകായിക പ്രവൃത്തി പരിചയം

## നിലവിലുള്ള അവസ്ഥ

### അധ്യാപകർ

ഈ സ്കൂളിൽ പ്രീ-പ്രൈമറി ഉൾപ്പെടെ 5 അധ്യാപകർ ആണ് ഉള്ളത്.

### ചുമതലകൾ

| | |
|---|---|
| വി.എ. ജ്യോതിഷ് | - ഹെഡ്മാസ്റ്റർ |
| സിനി ജോൺ | - സീനിയർ അസിസ്റ്റന്റ്, പി.ടി.എ. ഇൻചാർജ്, വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനർ |
| അനിസു മാത്യു | - സ്റ്റാഫ് സെക്രട്ടറി, നൂൺ ഫീഡിങ് ചാർജ്, ഐ.ഇ.ഡി.സി കൺവീനർ സ്പോർട്സ് കൺവീനർ |
| സൗമ്യ എം.എ | - എസ്.ആർ.ജി കൺവീനർ ആർട്സ് കൺവീനർ ലൈബ്രറി |
| അഞ്ജു K.V | - നേഴ്സറി ടീച്ചർ |

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് - ഉണ്ട്

കുടിവെള്ളം - ഉണ്ട്

ചുറ്റുമതിൽ - ഇല്ല

കളിസ്ഥലം - ഉണ്ട്

പാചകപ്പുര - നിലവിൽ ഉണ്ട് (മാറ്റി പണിയേണ്ടിയിരിക്കുന്നു)

ഗ്യാസ് കണക്ഷൻ - ഉണ്ട്

| വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലുള്ള അവസ്ഥ | |
|---|---|
| വിഭാഗം | നിലവിലെ അവസ്ഥ (കഴിഞ്ഞ കാല പ്രവർത്തന അവലോകനം) |
| എസ്.ആർ.ജി | തിങ്കളാഴ്ച ദിവസങ്ങളിൽ എസ്.ആർ.ജി. യോഗങ്ങൾ ചേരുന്നു. പഠന-പാഠ്യേതര പ്രവർത്തനങ്ങൾ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ, അധ്യാപകരുടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട സംശയങ്ങൾ എന്നിവയെല്ലാം എസ്.ആർ.ജിയിൽ ചർച്ച ചെയ്യുന്നു. |
| പി.ടി.എ/എം.പി.ടി.എ | ദിനാചരണങ്ങൾ, മേളകൾ, സ്പോർട്സ്, കലോത്സവം, വാർഷികാഘോഷം എന്നിവയുമായി ബന്ധപ്പെട്ട ആലോചനകൾ നടത്തുന്നുണ്ട്. ഉച്ചഭക്ഷണ വിതരണം വരവുചിലവു കണക്കുകൾ എന്നിവയെല്ലാം കമ്മറ്റികളിൽ വായിച്ചവതരിപ്പിച്ച് പാസ്സാക്കുന്നു. |
| സ്കൂൾ വികസന സമിതി/ ജാഗ്രത സമിതി / സുരക്ഷാ സമിതി | സ്കൂൾ വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ സമിതി രൂപീകരിച്ചിട്ടുണ്ട്. എല്ലാ മാസവും യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുന്നു. |

| വിഭാഗം | നിലവിലെ അവസ്ഥ (കഴിഞ്ഞ കാല പ്രവർത്തന അവലോകനം) |
| --- | --- |
| ക്ലബ്ബ് പ്രവർത്തനങ്ങൾ<br>ബാലസഭ<br>സയൻസ് ക്ലബ്ബ്<br>ശുചിത്വ ക്ലബ്ബ്<br>സോഷ്യൽ - സയൻസ് ക്ലബ്ബ്<br>ആരോഗ്യ ക്ലബ്ബുകൾ | ക്ലബ്ബുകൾ അധ്യയന വർഷാരംഭത്തിൽ തന്നെ രൂപീകരിച്ച് അധ്യാപകരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓരോ ടേമിലും ക്ലബ്ബ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. ഓരോ ക്ലബ്ബിനും ആവശ്യമായ സാധനങ്ങൾ ശേഖരിച്ച് സൂക്ഷിക്കാനുള്ള സ്ഥലസൗകര്യമില്ല. |
| ലൈബ്രറി | ലൈബ്രറി പുസ്തകങ്ങൾ ഉണ്ട്. കുട്ടികൾക്ക് ഇരുന്നു വായിക്കുന്നതിനുള്ള റീഡിംഗ് റൂം ഇല്ല. |
| ലാബ് പ്രവർത്തനങ്ങൾ | ലാബിന് പ്രത്യേക മുറി ഇല്ല. ലാബ് സാമഗ്രികൾ അലമാരയിൽ സൂക്ഷിക്കുന്നു. ആവശ്യസമയത്ത് പുറത്തെടുക്കുന്നു. |
| | |

## സാമൂഹിക പങ്കാളിത്തം നിലവിലെ അവസ്ഥ

കഴിഞ്ഞ വർഷം (2024-2025) സാമൂഹിക പങ്കാളിത്തത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സ്കൂൾ പ്രവേശനോത്സവം, വിവിധ ദിനാചരണങ്ങൾ, സ്കൂൾ വാർഷികം എന്നിവയെല്ലാം പി.ടി.എ, എം.പി.ടി.എ, SMC എന്നിവയുടെ സജീവ പങ്കാളിത്തത്തോടെയാണ് നടത്തിയത്. ക്ലാസ് പി.ടി.എ കളിൽ എല്ലാ രക്ഷിതാക്കളും പങ്കെടുക്കുന്നു. 2025 ഫെബ്രുവരി മാസത്തിൽ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് സ്കൂളിന്റെ പുതിയ സ്റ്റേജ് ഉദ്ഘാടനം ചെയ്തു. കൂടാതെ ഒരു അസംബ്ലി ഹാളും ഉദ്ഘാടനം ചെയ്തു.

## സ്കൂളിന്റെ പരിമിതികൾ

→ എല്ലാ ക്ലാസ് മുറികളിലും ആവശ്യമായ Projector കളും കമ്പ്യൂട്ടറും ഇല്ല.
→ ഊട്ടുപുരയില്ല
→ അംഗീകാരമില്ലാത്ത പ്രീ-പ്രൈമറി
→ ചുറ്റുമതിൽ ഇല്ല
→ കമ്പ്യൂട്ടർ റൂം ഉണ്ട്. പക്ഷെ ആവശ്യമായ എണ്ണം കമ്പ്യൂട്ടറുകളില്ല.

## സാധ്യതകൾ

ഏതെങ്കിലും തരത്തിലുള്ള ഫണ്ടുകൾ ലഭ്യമാകുന്ന പക്ഷം സ്കൂൾ വികസനം സാധ്യമാക്കാവുന്നതാണ്

# സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ 2025-26

മേഖല: അക്കാദമികം　　　　ഉപമേഖല: മാതൃഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ (ആദ്യവാരം) | ക്ലാസ് ടീച്ചർ | |
| | സന്നദ്ധതാ പ്രവർത്തനങ്ങൾ<br>• വായിച്ച് ആശയം ഗ്രഹിക്കൽ<br>• തെറ്റില്ലാതെ എഴുതൽ<br>• എഡിറ്റിംഗ് നടത്തൽ<br>• ശ്രാവ്യവായന<br>• വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ<br>• ചർച്ചയിൽ പങ്കെടുക്കൽ<br>• നോട്ടുപുസ്തകത്തിൽ ചിട്ടയായി എഴുതൽ | ജൂൺ (രണ്ടാം വാരം) | ക്ലാസ് ടീച്ചർ | |
| | • പതിപ്പുകൾ, മാസികകൾ പഠനപ്രവർത്തനത്തിനൊപ്പം തയ്യാറാക്കൽ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ (ദീർഘകാലം) | ക്ലാസ് ടീച്ചർ | |

മേഖല: അക്കാദമികം ഉപമേഖല: മാതൃഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വായനാശീലം വളർത്തുന്നതിന് വായനാമൂല, ക്ലാസ്സ് ലൈബ്രറി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | ലൈബ്രറി പുസ്തകങ്ങൾ ഉപയോഗിച്ച് അമ്മ വായന പ്രോത്സാഹിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | ഒരു ദിവസം ഒരു ഭാഷ പരിപാടി എല്ലാ ക്ലാസിലും (കഥ, കവിത, കടങ്കഥ, പഴഞ്ചൊല്ല്, etc) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | അസംബ്ലി: കഥ, കവിത അവതരണം വായന എന്നിങ്ങനെ ഭാഷാ പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | പുതിയ പദങ്ങൾ ചേർത്ത് സ്വന്തമായി ഡിക്ഷണറി തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം    ഉപമേഖല : ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ ഗണിത പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും | സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| | സന്നദ്ധതാ പ്രവർത്തനങ്ങൾ<br>• സംഖ്യാബോധം<br>• സങ്കലനവസ്തുതകൾ<br>• ഗുണനവസ്തുതകൾ<br>• സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ചോദ്യം വായിച്ചു മനസിലാക്കൽ, പ്രശ്നാപഗ്രഥനം | ജൂൺ രണ്ടാം വാരം | ക്ലാസ് ടീച്ചർ | |
| | ഒന്ന് മുതൽ നാല് വരെ ക്ലാസിൽ പഠനത്തിന് സഹായകമായ ഗണിതമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| | തയ്യാറാക്കുന്ന ലിസ്റ്റിൽ ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കൽ | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| | ഗണിതശാസ്ത്ര സാമഗ്രികളുടെ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷിതാക്കളെ പങ്കെടുപ്പിക്കൽ | ജൂൺ രണ്ടാം വാരം | PTA ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം    ഉപമേഖല : ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഗണിതപഠനം ആസ്വാദ്യകരവും രസകരവുമാക്കുന്നതിന് ഓരോ ക്ലാസിനും അനുയോജ്യമായ കളികൾ (ഗണിതകേളി) പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ജൂൺ ആദ്യവാരം | എസ്. ആർ. ജി. | |
| | ഗണിതമൂലയോട് അനുബന്ധിച്ച് വായനമൂല. ആഴ്ചയിൽ ഒരിക്കൽ ഗണിതശാസ്ത്രജ്ഞന്മാരുടെ പുസ്തകം വായിച്ച് ചർച്ച ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ (ദീർഘകാലം) | ക്ലാസ് ടീച്ചർ | |

മേഖല: അക്കാദമികം   ഉപമേഖല: ക്ലാസ്റൂം പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനുള്ള പഠനത്തെ ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസുകളിലും ക്ലാസ്റൂമുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കൽ | സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| | സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ രണ്ടാം വാരം | ക്ലാസ് ടീച്ചർ | |
| | 1 മുതൽ 4 വരെ ക്ലാസിൽ പഠനത്തിന് സഹായകമായ ക്ലാസ്റൂമിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | SRG | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ എന്ന് തരംതിരിക്കൽ, നടത്തേണ്ടുന്ന പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് തയ്യാറാക്കൽ | ജൂൺ അവസാനവാരം | SRG | |
| | സാമഗ്രികൾ വാങ്ങൽ | ജൂലൈ | H.M<br>S.R.G<br>PTA | PTA |

മേഖല : അക്കാദമികം    ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസിന്റെ നിലവാരത്തിന് പറ്റിയത് വാങ്ങൽ, വായിപ്പിക്കൽ | ആഗസ്റ്റ് | H.M PTA ക്ലാസ് ടീച്ചർ | P.T.A |
| | ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട സസ്യങ്ങൾ പിടിപ്പിക്കൽ | മെയ് ആദ്യവാരം | H.M PTA Teachers | |
| | പിടിപ്പിക്കേണ്ടിയവയിൽ വിത്ത് ശേഖരിക്കേണ്ടവ, തൈകൾ വാങ്ങേണ്ടവ എന്നിവ തരംതിരിക്കൽ | മെയ് അവസാനവാരം | H.M P.T.A Teachers | |
| | ശേഖരിച്ചവ കണ്ടെത്തിയ സ്ഥലങ്ങളിൽ നടുന്നു | ജൂൺ ആദ്യവാരം | H.M PTA Teachers | |
| | ജൈവ വൈവിധ്യ ഉദ്യാനം പരിപാലിക്കുന്നു. വിപുലീകരിക്കുന്നു. | മെയ് മുതൽ മാർച്ച് വരെ | H.M P.TA Teachers | |

മേഖല: അക്കാദമികം    ഉപമേഖല: ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ശാസ്ത്രമേളകൾക്കായി കുട്ടികളെ ഒരുക്കൽ | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | ക്ലബ്ബ് കൺവീനർ ടീച്ചേഴ്സ് | അദ്ധ്യാപകർ |
| | ശാസ്ത്ര ക്വിസ് മാസത്തിലൊരിക്കൽ അസംബ്ലിയിൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ശാസ്ത്രീയ മനോഭാവം കുട്ടികളിൽ വളർത്തുന്നതിന് | സയൻസ് ക്ലബ്ബ് രൂപീകരണവും ഭാരവാഹികളെ കണ്ടെത്തലും | ജൂൺ ആദ്യവാരം | ക്ലബ്ബ് കൺവീനർ | |
| | ദിനാചരണങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘകാലം) | Teachers<br>PTA<br>ക്ലബ്ബ് | |
| | ഓരോ കുട്ടിയുടെയും പിറന്നാൾ ദിനത്തിൽ ഒരു പച്ചക്കറിത്തൈ സ്കൂളിലോ വീട്ടിലോ നടാൻ അവസരം ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ (ദീർഘകാലം) | ക്ലാസ് ടീച്ചർ | |

മേഖല: അക്കാദമികം    ഉപമേഖല: ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | സാധാരണ പ്രവർത്തനങ്ങൾ | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | |
| | പഠനനില കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, ശേഖരിക്കൽ | ജൂൺ അവസാന വാരം | Teachers P.T.A ക്ലബ്ബ് | |
| | ഇംഗ്ലീഷ് അസംബ്ലി story telling | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| | ക്ലാസ് ലൈബ്രറി, വായനാസാമഗ്രികൾ ലഘുവായനാപുസ്തകം, പത്രം ഉൾപ്പെടുത്തി ഇംഗ്ലീഷ് Reading corner | ജൂൺ മുതൽ മാർച്ച് വരെ (ദീർഘ കാലം) | ക്ലാസ് ടീച്ചർ | |

മേഖല: അക്കാദമികം    ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | എല്ലാ ദിവസവും ഒരു ഭാഷാപരിപാടി എല്ലാ ക്ലാസിലും (English game, story, rhyme) | പ്രതിദിനം | Teachers | |
| | പുതിയ പദങ്ങൾ ചേർത്ത് സ്വന്തമായി ഡിക്ഷ്ണറി തയ്യാറാക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | | | | |

മേഖല: അക്കാദമികം    ഉപമേഖല: കല, കായികം പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തുന്നതിനോടൊപ്പം മനസിന്റെ ശരീരത്തിന്റെ ഉന്മേഷം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | കലാപഠനത്തിന്റെ ഭാഗമായി കുട്ടികൾക്ക് നൃത്ത പരിശീലനം നൽകുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | Teachers P.T.A | |
| | വിദ്യാരംഗം കലാസാഹിത്യവേദി, ക്ലബ്ബ് രൂപീകരണം | ജൂൺ ആഴ്ചയിൽ ഒരിക്കൽ | കൺവീനർ | |
| | പഠനപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം class PTA യിൽ നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | ദിനാചരണത്തിന്റെ ഭാഗമായി ചുമർ പത്രിക, പോസ്റ്റർ, മാസികകൾ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| | പഠനപ്രവർത്തനത്തോടനുബന്ധിച്ച് ഒറിഗാമി, പൂക്കൾ, ചിത്രശലഭം എന്നിവയുടെ നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

മേഖല: അക്കാദമികം   ഉപമേഖല : കല, കായികം പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പ്രവൃത്തി പരിചയ ക്ലബ്ബ് രൂപീകരണം | ജൂൺ ആദ്യ വാരം | ക്ലബ്ബ് കൺവീനർ | |
| | പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുപ്പിക്കാൻ കുട്ടികളെ തയ്യാറാക്കൽ | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | ക്ലബ്ബ് കൺവീനർ ടീച്ചേഴ്സ് | T-G |
| | ശാരീരിക വ്യായാമത്തിനായി സുംബ പരിശീലനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘകാലം) | Teachers | |
| | നാടൻ കളികൾ പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ (ദീർഘകാലം) | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല: ആരോഗ്യ ശുചിത്വ പരിപാലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • ശുചിത്വ സേന രൂപീകരണം<br>• ഹെൽത്ത് ക്ലബ്ബ് രൂപീകരണം.<br>• ഡ്രൈ ഡേ ആചരണം<br>തിങ്കൾ–സ്കൂൾ<br>ഞായർ – വീട്<br>• ടോയ്‌ലറ്റ് ക്ലീനിംഗ്<br>• ശുചിത്വ സാമഗ്രികൾ ലഭ്യമാക്കൽ<br>• ശുചിത്വ പോലീസിനെ കണ്ടെത്തൽ<br>• സ്കൂൾ ശുചിത്വത്തിന് നേതൃത്വം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ (ദീർഘ കാലം) | ക്ലാസ് ടീച്ചർ<br>PTA | SSA<br>School Grant. |

# മോണിറ്ററിംഗും അവലോകനവും

അക്കാദമിക മാസ്റ്റർപ്ലാൻ പ്രകാരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്ന് ഓരോ ആഴ്ചയിലും ചേരുന്ന S.R.G യിൽ ചർച്ച ചെയ്യപ്പെടുന്നു. PTA യുടെ സഹായസഹകരണം ഓരോ മാസത്തിലും ക്ലാസ് PTA ചേരുമ്പോൾ തേടുന്നു. പ്രതിമാസ കലണ്ടർ മാസാവസാനം നടത്തുന്ന SRG യിൽ എഴുതി തയ്യാറാക്കുന്നു.

കീരിത്തോട്    ബിനോയി വി.കെ    വി.എ ജ്യോതിഷ്

PTA പ്രസിഡന്റ്    H.M

## ഉപസംഹാരം

ഗവ. എൽ. പി. സ്കൂൾ കീരിക്കാട് അക്കാദമിക മാസ്റ്റർ പ്ലാൻ "വിഷൻ 2025-26" സ്കൂൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രവും ചിട്ടയായതുമായ ഒരു സമീപനത്തെ പ്രതിനിധീകരിക്കുന്നു. വിവിധ വിഷയങ്ങളിലുടനീളമുള്ള അടിസ്ഥാനപരമായ കഴിവുകൾ നേടുന്നതിനും, വിശാലമായതും വ്യക്തിഗതവും സാമൂഹികവുമായ വളർച്ചയ്ക്കും ഊന്നൽ നൽകിക്കൊണ്ട്, സമഗ്രമായ വിദ്യാർത്ഥി വികസനത്തിനായുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് ഇത് വ്യക്തമാക്കുന്നു. രക്ഷിതാക്കളെയും അധ്യാപകരെയും വിശാലമായ സമൂഹത്തെയും അതിന്റെ നിർവഹണത്തിലും മേൽനോട്ടത്തിലും സജീവമായി ഉൾപ്പെടുത്തിക്കൊണ്ട്, ഈ പദ്ധതി ഒരു സഹകരണ മനോഭാവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

ആധുനിക അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിലും, കമ്പ്യൂട്ടർ, സയൻസ് ലാബുകൾ പോലുള്ള സൗകര്യങ്ങളുടെ ഫലപ്രദമായ ഉപയോഗം വർധിപ്പിക്കേണ്ടതുണ്ട് എന്ന് തിരിച്ചറിയുന്നു. പരീക്ഷാ മാർക്കുകളിലൂടെ മാത്രമല്ല നിരന്തരവും പ്രക്രിയാധിഷ്ഠിതവുമായ വിലയിരുത്തലിലൂടെ വിദ്യാർത്ഥികളുടെ പുരോഗതി മനസ്സിലാക്കുന്നതിനുള്ള സമഗ്ര പുരോഗതി രേഖകൾ, അക്കാദമിക നിരീക്ഷണ

വികാസദ വിലയിരുത്തൽ എന്നിവയ്ക്കുള്ള വിശദമായ ചട്ടക്കൂടുകൾ, പദ്ധതിയുടെ ഒരു പ്രധാന ശക്തിയാണ്.

മൊത്തത്തിൽ ഗവ. എൽ. പി. സ്കൂൾ കീഴ്ത്തോടിന്റെ അക്കാദമികവും പ്രവർത്തനപരവുമായ ഭാവിക്കായി, ഓരോ കുട്ടിയുടെയും കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ വ്യക്തമായ ശ്രദ്ധ കേന്ദ്രീകരിച്ച്, സജീവവും വ്യവസ്ഥാപിതവുമായ ഒരു പാത രൂപരേഖ ചെയ്യുന്ന തന്ത്രപരമായ മാർഗ്ഗനിർദ്ദേശമായി മാസ്റ്റർപ്ലാൻ പ്രവർത്തിക്കുന്നു.